**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2518 — 05.02.2018 -ൽ മറുപടിക്ക്

# ആഭ്യന്തര ടൂറിസം വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും<br>ദേവസ്വവും വകുപ്പ മന്ത്രി) |
| ആഭ്യന്തര ടൂറിസം വികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ; | ആഭ്യന്തര ടൂറിസം പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി ടൂറിസം വകുപ്പ് രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിൽ നടക്കുന്ന നാഷണൽ ട്രേഡ് ഫെയറുകളിൽ പങ്കെടുത്ത് കേരള ടൂറിസത്തിന്റെ പ്രചരണം നടത്തുന്നുണ്ട്. 2017-18 വർഷം രാജ്യത്തെ 27 പ്രധാന നഗരങ്ങളിൽ ട്രേഡ് ഫെയറുകളിൽ വകുപ്പ് പങ്കെടുത്തു. ഇതിനു പുറമേ രാജ്യത്തെ പ്രധാന പട്ടണങ്ങളിൽ പാർട്ട്ണർഷിപ്പ് മീറ്റുകളും റോഡ് ഷോകളും സംഘടിപ്പിച്ചു വരുന്നു. ഓഫ് സീസൺ പ്രൊമോഷൻ ക്യാമ്പയിൻ, നാഷണൽ മീഡിയ ക്യാമ്പയിൻ, നാഷണൽ റേഡിയോ ക്യാമ്പയിൻ, ബ്രാന്റ് ആന്റ് ടാക്റ്റിക്കൽ ക്യാമ്പയിൻ എന്നിവയും സംഘടിപ്പിക്കുന്നുണ്ട്. രാജ്യത്തെ വിവിധ മാഗസിനുകളിലും, പത്രങ്ങളിലും കേരള ടൂറിസം പരസ്യ പ്രചരണത്തിന്റെ ഭാഗമായി പരസ്യങ്ങൾ നൽകി വരുന്നുണ്ട്. ഓൺലൈൻ ടൂറിസം പ്രൊമോഷൻ /MICE ടൂറിസം / ഹോളിഡേ ഐക്യു എന്നിവയും ആഭ്യന്തര ടൂറിസം പ്രചരണം ലക്ഷ്യമാക്കിയാണ് സംഘടിപ്പിക്കുന്നത്. കൊച്ചി മുസിരിസ് ബിനാലെ പോലെയുള്ള പരിപാടികളിൽ വിനോദസഞ്ചാര വകുപ്പ് മികച്ച രീതിയിൽ പ്രചരണം സംഘടിപ്പിക്കാറുണ്ട്. മാത്രമല്ല ഓണം/നിശാഗന്ധി/ഉത്സവം തുടങ്ങിയ കേരളത്തിലെ തനത് ഉത്സവങ്ങളെ ദേശീയതലത്തിൽ പ്രചരിപ്പിക്കുന്നതിന്റെ |

ഭാഗമായുള്ള പരിപാടികളും ആഭ്യന്തര ടൂറിസം പ്രോൽസാഹന ത്തിനായി സംഘടിപ്പിച്ചു വരുന്നു. ഇതിനു പുറമേ കേരളത്തിലെ വിവിധ ഡെസ്റ്റിനേഷനുകൾ കണ്ടിരിക്കേണ്ടതിനായി മലബാർ മേഖല ഉൾപ്പെടെ വിവിധ സ്ഥലങ്ങളിൽ പ്രത്യേക ടൂറിസം പ്രൊമോഷൻ നൽകി പരിപാടികൾ അവതരിപ്പിയ്ക്കാറുണ്ട്. പുതിയ രീതിയുള്ള അഡ്വഞ്ചർ ടൂറിസം, ഉത്തരവാദിത്ത ടൂറിസം എന്നിവയിലെ മികച്ച പ്രചരണവും ആഭ്യന്തര ടൂറിസം പ്രോൽസാഹിപ്പിക്കുന്നതിന് സഹായകമാണ്.

സെക്ഷൻ ഓഫീസർ